DESPATCHED
On. 12/06/2020

19/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 136(2)/2018**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **726**/എസ്.ഐ.സി-ജി 6/19)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ജി.താണുപിള്ള,
എൻ.റ്റി.വി.നഗർ 86,
വടക്കേപാറ്റൂർ, കടപ്പാക്കട പി.ഒ.,
കൊല്ലം – 691 008. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ(എസ്.യു.),
ജലഭവൻ, കേരള വാട്ടർ അതോറിറ്റി,
വാട്ടർ അതോറിറ്റി ക്യാമ്പസ്, വെള്ളയമ്പലം
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
സെക്രട്ടറി,
ജലഭവൻ, കേരള വാട്ടർ അതോറിറ്റി,
വാട്ടർ അതോറിറ്റി ക്യാമ്പസ്, വെള്ളയമ്പലം
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.07.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.09.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07.01.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 16.01.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 16.01.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജി.താണുപിള്ള, 16.01.2019ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.136(2)/19/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരവും പൂർണ്ണവുമായ മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും പൂർണ്ണമായ മറുപടി ലഭ്യമാക്കിയില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 03.07.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ജല അതോറിറ്റിയുടെ ശാക്തീകരണത്തിന്റെ ഭാഗമായി സ്ഥാവര ജംഗമവസ്തുക്കൾ അടക്കമുള്ള ആസ്തി നിർണ്ണയിച്ചതിന്റെ രേഖ നൽകണമെന്നും ജല അതോറിറ്റിയുടെ അധീനതയിൽ 14 ജില്ലകളിൽ (ഉടമസ്ഥതയിൽ) എത്ര ഭൂമിയുണ്ടെന്നു വ്യക്തമാക്കുന്ന രേഖ നൽകണമെന്നും തുടങ്ങി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 04.09.2018ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 07.01.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ജല അതോറിറ്റിയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ആസ്തികളെ സംബന്ധിച്ച് പത്തു രേഖകൾ ആവശ്യപ്പെട്ടുവെന്നും എന്നാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി വകുപ്പിൽ ലഭ്യമല്ല എന്നതിനാൽ ടിയാന്റെ അപേക്ഷയുടെ പകർപ്പ് 03.08.2018ൽ എസ്.പി.ഐ.ഒ.& അണ്ടർ സെക്രട്ടറി കേരള വാട്ടർ അതോറിറ്റിയിലെ എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു നൽകിയെന്നും കേരള വാട്ടർ അതോറിറ്റിയിൽ 07.08.2018ൽ ലഭിച്ച ടി അപേക്ഷയുടെ പകർപ്പ് 10.08.2018ൽ ബന്ധപ്പെട്ട ഓപ്പറേഷൻസ് യൂണിറ്റിലേക്ക് കൈമാറിയതായി

കാണുന്നുവെന്നും ഓപ്പറേഷൻസ് യൂണിറ്റിലെ എസ്.പി.ഐ.ഒ. അപേക്ഷ യുടെ പകർപ്പ് സെക്രട്ടറിയുടെ വിഭാഗത്തിലേക്കും ജിക്കയുടെ ആഫീസി ലേയ്ക്കും 20.08.2018ൽ അയച്ചുകൊടുത്തുവെന്നും സെക്രട്ടറീസ് യൂണി റ്റിലെ പി.ഐ.ഒ. 20.08.2018ന് ലഭിച്ച അപേക്ഷയ്ക്ക് 04.09.2018ന് മറുപടി നൽകിയെന്നും സെക്രട്ടറിയുടെ യൂണിറ്റുമായി ബന്ധപ്പെട്ട പ്രസ്തുത അപ്പീൽ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട ടി യൂണിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ എസ്.പി.ഐ.ഒ. നൽകിയ മറുപടി ടി യൂണിറ്റിന്റെ അപ്പീൽ അധികാരി എന്ന നിലയ്ക്ക് പരിശോധിച്ച് കണ്ടെത്താൻ കഴിഞ്ഞ വിവരം ടിയാന് നൽകിയിട്ടുണ്ടെന്നുമാണ്. കൂടാതെ ഒന്നാം എതിർകക്ഷി ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയതായി കാണുന്നുവെന്നും വിവരങ്ങൾ ടിയാന് നേരിട്ട് ലഭ്യമാക്കുന്നതിനായി എസ്.പി.ഐ.ഒ. മേഖല ചീഫ് എഞ്ചി നീയർ ആഫീസിലേയ്ക്കും ക്വാളിറ്റി ഡിവിഷനിലേക്കും അയച്ചു കൊടു ത്തിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെടുന്നത് 14 ജില്ലകളിലേയും വിവ രങ്ങൾ വാട്ടർ അതോറിറ്റിയുടെ എല്ലാ ആഫീസുകളിൽ നിന്നും ശേഖരിച്ച് നൽകണമെന്നാണ് എന്നും ഇക്കാര്യത്തിനായി പ്രത്യേകം ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതിനാലും നിലവിലെ പ്രവർത്തനങ്ങൾക്ക് വളരെയധികം ബാധിക്കുന്നതിനാലും ടിയാന്റെ അപേക്ഷ പരിഗണിക്കാൻ പ്രയാസമാ ണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട ആഫീസുക ളിൽ നിന്നും ഹെഡ് ഓഫീസിലെ ബന്ധപ്പെട്ട മറ്റു സെക്ഷനുകളിൽ നിന്നും നൽകുവാനായി പകർപ്പ് ഇ-മെയിൽ വഴി ഒരിക്കൽ കൂടി ടി ഓഫീസുകളി ലേയ്ക്ക് നൽകുമെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 31.10.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജി ക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാ കുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടി ഓഫീ സിൽ ലഭിച്ച അപേക്ഷയുടെ പകർപ്പ് ഹെഡ് ഓഫീസിലുള്ള ഓപ്പറേഷൻസ് യൂണിറ്റിലെ എസ്.പി.ഐ.ഒ. ഇതേ ഓഫീസിലെ സെക്രട്ടറിയുടെ വിഭാഗ ത്തിലെയും ജിക്ക വിഭാഗത്തിലെയും എസ്.പി.ഐ.ഒ. മാർക്ക് വീണ്ടും കൈമാറ്റം ചെയ്യുകയും അപേക്ഷയിലെ 1 മുതൽ 4 വരെയും 6 മുതൽ 10

വരെയും ചോദ്യങ്ങൾക്ക് ഹർജിക്കാരന് മറുപടി നൽകണമെന്നും നിർദ്ദേശിച്ചുവെന്നുമാണ്. മാത്രമല്ല ദേശാഭിമാനി പത്രത്തിൽ വന്ന ഒരു പത്രവാർത്തയുമായി ബന്ധപ്പെട്ടാണ് ഹർജിക്കാരൻ 10 വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് മറുപടി നൽകിയിരുന്നുവെന്നുമാണ്. എന്നാൽ മറ്റു ഓഫീസുകളിൽ നിന്നും വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നാണ് ടിയാന്റെ ആക്ഷേപമെന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിന് ഹർജിക്കാരന്റെ 8, 9 എന്നീ ഇനങ്ങൾക്ക് വിവരം നൽകുന്നതിനായി ടിയാന്റെ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം കൈമാറിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 19–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/